# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5065 — 23/03/2018-ലെ മറുപടി

## കൊയിലാണ്ടിയിൽ വാട്ടർ അതോറിട്ടിക്ക് ഭൂമി വിട്ടുനൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടി നഗരസഭയിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ വാട്ടർ ടാങ്ക് നിർമ്മിക്കാനുദ്ദേശിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള സ്ഥലം വിട്ടു നൽകുവാനുള്ള വാട്ടർ അതോറിറ്റിയുടെ അപേക്ഷ സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, പ്രസ്തുത ഭൂമി വിട്ടു നൽകുന്നതിൽ നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;<br>(സി) തടസ്സങ്ങൾ പരിഹരിച്ച് കാലതാമസം കൂടാതെ വാട്ടർ അതോറിട്ടിക്ക് എന്നത്തേക്ക് ഭൂമി വിട്ടു നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ? | (ബി) യും (സി) യും കുറ്റ്യാടി ജലസേചന പദ്ധതിക്കുവേണ്ടി കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ പന്തലായിനി വില്ലേജിൽ ആകെ 0.4378 ഹെക്ടർ സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ സെക്ഷൻ ആഫീസ് കെട്ടിടത്തിന്റെ ഒരു ഭാഗം നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് ആഫീസായി പ്രവർത്തിച്ചു വരുന്നതും കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതിക്കായി ആവശ്യപ്പെട്ട 35 സെന്റ് സ്ഥലത്ത് ഒരു ക്വാർട്ടേഴ്സും മറ്റൊരു ക്വാർട്ടേഴ്സിന്റെ പകുതി ഭാഗവും ഉൾപ്പെടുന്നു. ജലസേചന വകുപ്പിന്റെ അധീനതയിൽപ്പെടുന്ന പ്രസ്തുത സ്ഥലം ജല അതോറിറ്റിയ്ക്ക് പാട്ടക്കരാർ വ്യവസ്ഥയിൽ കൈമാറുന്നതിനെ സംബന്ധിച്ച വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ